(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജാസ്മി മൻസിലിലെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

188 (3698) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജസ്മി, സജ്ന, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേസ് അന്വേഷിക്കുന്നത് ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്നും കേസ് നമ്പരും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ പ്രതി ചേർത്തിട്ടുള്ളത് ആരെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീൻ മകൾ ജാസ്മി, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 കേസ്സിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാകുന്നു. മേൽ സംഭവത്തിൽ ആത്മഹത്യ ചെയ്ത ജാസ്മിയുടെ സഹോദരി 27 വയസ്സുള്ള സജ്ന 30-11-2015 തീയതി വെളുപ്പിന് കരിക്കകം അറപ്പുരവിളാകം ക്ഷേത്രത്തിന് സമീപം റെയിൽവേ ട്രാക്കിൽ ഏതോ ട്രെയിനിന് മുന്നിൽച്ചാടി മരണപ്പെട്ട നിലയിൽ കാണപ്പെട്ടതിലേയ്ക്ക് പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 1422/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ടി സജ്ന എഴുതിയ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുള്ളതും ടി ആത്മഹത്യാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ എതുക്കാട് വട്ടകൈത എം.എസ്. മൻസിലിൽ ജമീലാ ബീവി മകൾ മുംതാസ്, പൂതുശ്ശേരിമുക്ക് വണ്ടിത്തടം മുസ്ലീം എൽ.പി.എസ്-ന് സമീപം കെ.സി. ഹൗസിൽ ജമീലാ ബീവി മകൾ മെഹർബാൻ എന്നിവരെ ഒന്നും രണ്ടും പ്രതികളായി ചേർത്ത് വകുപ്പ് 306 & 34 IPC പ്രകാരം അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത രണ്ട് കേസ്സുകളും (Cr.1420/15, 1422/15) പേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തിവരുന്നത്.

GPM. 2/235/2020-34

LIBRARY ARCHIVES Kerala Legislative Assembly

1. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 u/s 420, 306, 406, 506(i) & 34 IPC.

2. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1422/2015 u/s 306 & 34 IPC.

(സി) നാസർ S/o ഷൗക്കത്ത് അലി (1), മുംതാസ് D/o ജമീലാ ബീവി (2), മെഹർബാൻ D/o ജമീലാ ബീവി (3) എന്നിവരാണ് ക്രൈം നമ്പർ 1420/2015 കേസ്സിലെ പ്രതികൾ.

മുംതാസ് D/o ജമീലാ ബീവി (1),മെഹർബാൻ D/o ജമീലാ ബീവി (2) എന്നിവർ ക്രൈം നമ്പർ 1422/2015 കേസ്സിലെ പ്രതികളാണ്.

റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കാൻ നടപടി

189 (3699) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ;

(ബി) പ്രസ്തുത കാലയളവിൽ പുതിയ പോലീസ് സർക്കിളുകളോ പോലീസ് സബ് ഡിവിഷനുകളോ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ;

(സി) റാന്നി താലൂക്കിലെ പെരുനാട് ഉൾപ്പെടെയുള്ള കിഴക്കൻ മേഖലകളിൽ നിന്നും ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എത്തേണ്ടത് ഏത് പോലീസ് സബ്ഡിവിഷനിലാണ്; ശബരിമല, പമ്പാവാലി, നാറാണംനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും മൈക്ക് സാങ്ഷൻ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ റാന്നി വഴി തിരുവല്ലയിൽ എത്തേണ്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പത്തനംതിട്ട ജില്ലയിലെ വിവിധ പോലീസ് സബ് ഡിവിഷനുകൾ പുനഃക്രമീകരിച്ച് റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിച്ചാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുകയില്ലേ; വ്യക്തമാക്കുമോ;

(ഇ) ജനങ്ങൾക്കുണ്ടാകുന്ന പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly